

ദാവൂദിനും സുലൈമാനും(അ) പ്രവാചകത്വവും രാജത്വവും നൽകിയിട്ട് ഇനി അവരായി, അവരുടെ പാടായി എന്നുവെച്ച് മാറിനിൽക്കുകയായിരുന്നില്ല അല്ലാഹു. അവരുടെ നടപടികളെല്ലാം അവൻ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരുന്നു. തിരുത്തേണ്ട സന്ദർഭങ്ങളിൽ തിരുത്തുകയും സഹായിക്കേണ്ടിടത്ത് സഹായിക്കുകയും ചെയ്തിരുന്നു.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

وَنَصَرْنَٰهُ مِنَ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟
قَوْمَ سَوْءٍ فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٧٧﴾

77. നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞവർക്കെതിരെ അദ്ദേഹത്തെ നാം സഹായിച്ചു. അവരും തീരെ ദുഷിച്ച ജനം തന്നെയായിരുന്നു. അതിനാൽ നാം അവരെ മുക്കിയൊടുക്കി.

**77**

وَنَصَرْنَٰهُ= നാം അദ്ദേഹത്തെ സഹായിച്ചു مِنَ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟= തള്ളിപ്പറഞ്ഞ ജനത്തി(നെതിരെ)ൽ നിന്ന്

بِـَٔايَٰتِنَآ = നമ്മുടെ സൂക്തങ്ങളെ إِنَّهُمْ كَانُوا۟= തീർച്ചയായും അവർ(രും) ആയിരുന്നു

قَوْمَ سَوْءٍ= (തീരെ) ദുഷിച്ച ജനം فَأَغْرَقْنَٰهُمْ= അതിനാൽ അവരെ നാം മുക്കിയൊടുക്കി

أَجْمَعِينَ = എല്ലാവരെയും(മുഴുക്കെ)

**മു**ൻ സൂക്തം പരാമർശിച്ച രക്ഷിക്കലിന്റെ വിശദീകരണമാണിത്. സത്യനിഷേധത്തിൽ പാറ പോലെ ഉറച്ച ജനമനസ്സും അവരിൽനിന്നുണ്ടായ പീഡനവുമായിരുന്നുവല്ലോ അദ്ദേഹം നേരിട്ട പ്രതിസന്ധി. ഒടുവിൽ അല്ലാഹു അവർക്കെതിരെ അദ്ദേഹത്തെ സഹായിച്ചു. ജനത്തെ ശിക്ഷിക്കുകയും ചെയ്തു. ഈ ആശയം ഉൾക്കൊള്ളുന്നതാണ് وَنَصَرْنَٰهُ مِنَ ٱلْقَوْمِ... എന്നു തുടങ്ങുന്ന വാക്യം. ലൂത്ത് നബിയുടെ സമുദായത്തിലെന്നപോലെ നൂഹ് നബിയുടെ സമുദായത്തിലും സകലതരം അധർമങ്ങളും ആഭാസങ്ങളും നിറഞ്ഞാടിയിരുന്നുവെന്നാണ് إِنَّهُمْ كَانُوا۟ എന്നു തുടങ്ങുന്ന വാക്യം സൂചിപ്പിക്കുന്നത്. അവരെ സംസ്കരിക്കാൻ നൂഹ്(അ) നടത്തിയ പ്രബോധന പ്രവർത്തനത്തോളം ദീർഘിച്ച മറ്റൊരു പ്രബോധന ദൗത്യം ചരിത്രത്തിൽ കാണുകയില്ല. പ്രവാചകന്റെ സുദീർഘമായ കഠിനാധ്വാനം നിഷ്ഫലമായപ്പോൾ അല്ലാഹു ആ ജനത്തെ ഒരു മഹാപ്രളയത്തിൽ മുക്കി നശിപ്പിച്ചു. അല്ല, സത്യ-ധർമങ്ങളുടെ നിഷേധത്താലും ചീഞ്ഞളിഞ്ഞ സംസ്കാരത്താലും ഭൂമിയിലെ മാലിന്യമായിത്തീർന്ന അവരെ കഴുകിക്കളഞ്ഞ് ഭൂമിയെ വൃത്തിയാക്കാൻ അല്ലാഹു ആകാശത്തോടും സമുദ്രത്തോടും കൽപിച്ചു. അവ ആ കൽപന നിറവേറ്റുകയും ചെയ്തു. അങ്ങനെ ഭൂമി ശുദ്ധമായി. നൂഹ് നബിയും അദ്ദേഹത്തിന്റെ കൂടെയുള്ള സത്യവിശ്വാസികളും സദ്ഗുണസമ്പന്നരുമായ അനുയായികളും മാത്രമായി ഭൂമിയിലെ അധിവാസികൾ. നേരത്തെ സൂറഃ *അൽഅഅ്റാഫ്* 54-64, *യൂനുസ്* 71-73 *ഹൂദ്* 25-48 *അൽഇസ്റാഅ്* 3 സൂക്തങ്ങളിലും ഖുർആൻ നൂഹ് നബിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. 'നൂഹ്' എന്ന പേരിൽ അദ്ദേഹത്തിന്റെ ചരിത്രം പറയുന്ന ഒരു സൂറഃ വരാനിരിക്കുന്നു. കൂടുതൽ വിശദീകരണം അവിടെ പ്രതീക്ഷിക്കാം. ■

78. ഇതുപോലെ ദാവൂദിനെയും സുലൈമാനെയും നാം അനുഗ്രഹിച്ചിട്ടുണ്ടായിരുന്നു. അവർ ഒരു വിളനാശത്തിന്റെ തർക്കത്തിൽ വിധി കൽപി ച്ചിരുന്നത് ഓർക്കുക; ആ വിളയിൽ രാത്രി കാലത്ത് അന്യരുടെ ആടുകൾ കടന്നുമേഞ്ഞപ്പോൾ. അവരുടെ വിധി കൽപനക്ക് നാം സാക്ഷിയായിരുന്നു.

وَدَاوُۥدَ وَسُلَيۡمَٰنَ إِذۡ يَحۡكُمَانِ فِى ٱلۡحَرۡثِ إِذۡ نَفَشَتۡ فِيهِ غَنَمُ ٱلۡقَوۡمِ وَكُنَّا لِحُكۡمِهِمۡ شَٰهِدِينَ ﴿٧٨﴾

وَدَاوُۥدَ وَسُلَيۡمَٰنَ = ദാവൂദിനെയും സുലൈമാനെയും (നാം ഇതുപോലെ അനുഗ്രഹിച്ചിട്ടുണ്ടായിരുന്നു)

إِذۡ يَحۡكُمَانِ = അവർ വിധികൽപ്പിക്കു(ൽപിച്ചിരു)ന്നത് ഓർക്കുക

فِى ٱلۡحَرۡثِ = ഒരു കൃഷിയിൽ (വിളനാശത്തിന്റെ തർക്കത്തിൽ)

إِذۡ نَفَشَتۡ فِيهِ = അതിൽ രാത്രി കാലത്ത് കടന്നു മേഞ്ഞിരുന്നു غَنَمُ ٱلۡقَوۡمِ = (അന്യ) ജനത്തിന്റെ ആടുകൾ

وَكُنَّا = നാം ആയിരുന്നു لِحُكۡمِهِمۡ = അവരുടെ വിധികൽപ്പനക്ക് شَٰهِدِينَ = സാക്ഷികൾ

ഏതാനും പ്രവാചകന്മാരെയും അവർക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങളെയും ചരിത്ര ക്രമത്തിൽ പരാമർശിക്കുകയായിരുന്നു മുൻ സൂക്തങ്ങളിൽ. ഇനി കുറെ പ്രവാചകന്മാരെ അവരുടെ ഗുണവിശേഷങ്ങളുടെ ക്രമത്തിൽ അനുസ്മരിക്കുകയാണ്. ഇവരെല്ലാം മഹത്തായ കർമങ്ങൾ കൊണ്ടും സ്വഭാവചര്യകൾ കൊണ്ടും മനുഷ്യവംശത്തിനാകമാനം മാതൃകാപുരുഷന്മാരാകുന്നു. ഇക്കൂട്ടത്തിൽ ആദ്യം അനുസ്മരിക്കുന്നത് ദാവൂദ്-സുലൈമാൻ(അ) പ്രവാചകന്മാരെയാണ്. പ്രവാചകത്വത്തിന്റെയും ദൈവഭക്തിയുടെയും രാജത്വത്തിന്റെയും പ്രതാപത്തിന്റെയും ശക്തിയുടെയും സമഞ്ജസമായ സങ്കലനത്തിന്റെ മികച്ച ഉദാഹരണങ്ങളാണവർ. അല്ലാഹുവിങ്കൽനിന്ന് ലഭിച്ച പെരുത്ത അധികാരവും ശക്തിയും വിഭവങ്ങളുമൊന്നും അവരെ ഒട്ടും അഹങ്കാരികളും ധിക്കാരികളുമാക്കിയില്ല. മറിച്ച് സൗഭാഗ്യ സമൃദ്ധിയിൽ കൂടുതൽ കൂടുതൽ ഭക്തരും വിനീതരുമാവുകയായിരുന്നു. തങ്ങളുടെ സൗഭാഗ്യങ്ങൾക്കെല്ലാം അവർ അത് ദാനം ചെയ്ത അല്ലാഹുവിനോട് അദമ്യമായ നന്ദി പ്രകാശിപ്പിച്ചു. അവന്റെ തൃപ്തിക്കൊത്തുമാത്രം അതു കൈകാര്യം ചെയ്തു.

ഇസ്റാഈല്യനായ ഇശ്ശായിയുടെ മകനായി ജനിച്ച ദാവൂദ്(അ)ന്റെ ജീവിതകാലം ബി.സി പതിനൊന്നാം നൂറ്റാണ്ടാണെന്ന് കരുതപ്പെടുന്നു. ഫിലിസ്ത്യരുമായി നടന്ന യുദ്ധത്തിൽ ഗോലിയേത്ത് രാജാവിനെ വധിച്ച് ഇസ്രായീൽ രാഷ്ട്രത്തിന്റെ അടിത്തറയുറപ്പിച്ച വീരഭടനായാണ് ഇദ്ദേഹത്തിന്റെ രംഗപ്രവേശം. പിന്നീട് രാജാവായി വാഴിക്കപ്പെട്ടു. ദാവൂദ് നല്ല കവിയും ഗായകനും സംഗീതജ്ഞനും ഒപ്പം ശക്തനായ യോദ്ധാവും സമർഥനായ ഭരണാധികാരിയുമായി അറിയപ്പെടുന്നു. ഇദ്ദേഹത്തിന്റെ പുത്രനാണ് സുലൈമാൻ നബി. ദാവൂദിനുശേഷം ഇസ്രായീലിന്റെ മൂന്നാമത്തെ രാജാവായി ഇദ്ദേഹം അധികാരമേറ്റു. സുലൈമാൻ-ശലമോൻ-സോളമൻ എന്ന പദത്തിനർഥം സമാധാനം ഐശ്വര്യം എന്നാണത്രെ. ബി.സി 961 മുതൽ 922 വരെയാണ് ഇദ്ദേഹം ഇസ്രായീൽ ഭരിച്ചതെന്ന് കരുതപ്പെടുന്നു. ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്ന കേസ് ഖുർആൻ വിശദീകരിക്കുന്നില്ല. നബി(സ)യും ഇതു വിശദീകരിച്ചതായി ആധികാരിക നിവേദനങ്ങളില്ല. സൂക്തത്തിന്റെ പ്രത്യക്ഷവായനയിൽ നിന്ന് മനസ്സിലാകുന്നത് ഇതാണ്: ഒരു കർഷകന്റെ വയലിൽ രാത്രി കാലത്ത് മറ്റു ചിലരുടെ ആടുകൾ കടന്ന് മേഞ്ഞ് വലിയ നാശനഷ്ടമുണ്ടാക്കി. കർഷകൻ ദാവൂദി(അ)ന്റെ സമക്ഷം പരാതിയുമായെത്തി. അദ്ദേഹം ആ കേസിൽ തനിക്ക് നീതിപൂർവമെന്ന് തോന്നിയ ഒരു വിധി പ്രസ്താവിച്ചു. അത് യഥാർഥത്തിൽ അത്ര ഉചിതമായ വിധിയായിരുന്നില്ല. ആ സന്ദർഭത്തിൽ അല്ലാഹു ദാവൂദ് പുത്രൻ സുലൈമാന് ഏറ്റം ഉചിതമായ വിധി എന്താണെന്ന് ഗ്രഹിപ്പിച്ചു-فَفَهَّمۡنَٰهَا-നാം അതു ഗ്രഹിപ്പിച്ചു-എന്നാണ് മൂലവാക്യം. ഗ്രഹിപ്പിക്കൽ ദിവ്യബോധനം وحي ആവാം. തത്ത്വാധിഷ്ഠിതമായ ചിന്തയുടെ ഫലമായി ലഭിച്ച ബോധ്യവുമാകാം. സുലൈമാൻ നബി താൻ മനസ്സിലാക്കിയ ശരിയായ വിധി പിതാവിനെ ധരിപ്പിച്ചു. അദ്ദേഹം അതനുസരിച്ച് തീരുമാനം തിരുത്തുകയും ചെയ്തു. സംഭവം വേറൊരു രീതിയിലുമാകാം. കർഷകൻ കേസുമായി എത്തിയപ്പോൾ അതിൽ പെട്ടെന്ന് ഒരു വിധി പറയാൻ ദാവൂദ് നബിക്ക് കഴിഞ്ഞില്ല. പുത്രൻ സുലൈമാൻ(അ) അദ്ദേഹത്തെ സഹായിക്കാനെത്തി. അല്ലാഹു പുത്രന്ന് ശരിയായ വിധി തോന്നിപ്പിച്ചു. അതുപ്രകാരം രണ്ടുപേരും ചേർന്ന് വിധി പ്രസ്താവിച്ചു- إِذۡ يَحۡكُمَانِ -അവർ രണ്ടുപേരും വിധിക്കുന്ന സന്ദർഭം-എന്ന വാക്ക് ഈ വീക്ഷണത്തെ പിന്തുണക്കുന്നു. ദാവൂദ് നബിക്ക് ശരിയായ വിധി തോന്നാതിരുന്നതായാലും തോന്നിയ വിധി പിശകിയതായാലും അത് അദ്ദേഹത്തിന്റെ കുറ്റമായിരുന്നില്ല. അദ്ദേഹം പക്ഷപാതപരമായോ അന്യായമായോ വിധി പ്രസ്താവിക്കുകയായിരുന്നില്ല. ആ പിതാവിനും പുത്രനും ഒരുപോലെ അല്ലാഹു പ്രവാചകത്വം അല്ലെങ്കിൽ തർക്കങ്ങൾ തീരുമാനിക്കാനുള്ള അധികാരവും അറിവും നൽകിയിട്ടുണ്ടായിരുന്നു. എങ്കിലും അവരും മനുഷ്യരായിരുന്നു. മാനുഷികമായ പിഴവുകൾ അവരെയും ബാധിക്കാം. അത്തരം സന്ദർഭങ്ങളിൽ അല്ലാഹു ഒരുവിധത്തിലല്ലെങ്കിൽ

മറ്റൊരുവിധത്തിൽ അവരെ തിരുത്തുന്നു. അക്കൂട്ടത്തിൽ, ഒരനുഗ്രഹമാണ് ഈ കേസിന്റെ തീർപ്പിൽ അല്ലാഹു ചെയ്തത്. രാജാവും പ്രവാചകനുമായ ദാവൂദ്(അ) തെറ്റായ വിധി പ്രസ്താവിക്കുകയോ ശരിയായ വിധി പ്രസ്താവിക്കാൻ അദ്ദേഹത്തിന് കഴിയാതെ വരികയോ ചെയ്തിരുന്നുവെങ്കിൽ അത് രാജ്യത്തെ നിയമവ്യവസ്ഥയിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുമായിരുന്നു. ഇവിടെ സുചിതമാകുന്ന മറ്റൊരനുഗ്രഹം ദാവൂദ് നബിക്ക് സുലൈമാൻ നബിയെപ്പോലെ ധിഷണാശാലിയും ധർമജ്ഞനുമായ ഒരു സൽസന്തതിയെ ലഭിച്ചുവെന്നതാണ്. തന്റെ ആദർശവും ജീവിതചര്യയും പിൻപറ്റുകയും തനിക്ക് പറ്റുന്ന പിഴവുകൾ പോലും തിരുത്തുകയും ചെയ്യുന്ന ഒരു പുത്രനുണ്ടാകുന്നതിനെക്കാൾ വലിയൊരനുഗ്രഹം ഒരു പിതാവിനു ലഭിക്കാനില്ലല്ലോ.

ഈ കേസും അതിൽ രണ്ടു പ്രവാചകന്മാരും പ്രസ്താവിച്ച വിധിയും ഖുർആൻ വിശദീകരിക്കാതിരുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് രണ്ടുതരം വിശദീകരണമാണ് ഖുർആൻ വ്യാഖ്യാതാക്കൾ നൽകുന്നത്. ഒന്ന്, ഇവിടെ ഒരു കേസിന്റെ കഥ വിസ്തരിക്കുക ഖുർആന്റെ ഉദ്ദേശ്യമല്ല. രണ്ടു പ്രവാചകന്മാർക്ക് അല്ലാഹു നൽകിയ അനുഗ്രഹവും അവരുടെ മഹത്വവും പരാമർശിക്കുക മാത്രമാണ് ഉദ്ദേശ്യം. അതുകൊണ്ട് അത് സൂചിപ്പിക്കുന്ന കാര്യങ്ങൾ മാത്രം പറഞ്ഞുമതിയാക്കിയിരിക്കുകയാണ്. രണ്ട്, രാജാക്കന്മാരും പ്രവാചകന്മാരും എന്ന നിലയിൽ ദാവൂദും സുലൈമാനും(അ) ഏറെ പ്രശസ്തരായിരുന്നു. അവരുമായി ബന്ധപ്പെട്ട അനേകം കഥകൾ വേദക്കാർക്കും അവരിലൂടെ അറബികൾക്കും സുപരിചിതമായിരുന്നു. 'കൃഷിയിടത്തിൽ രാത്രി അന്യരുടെ ആടു മേഞ്ഞ കേസ്' എന്നു പറഞ്ഞാൽ തന്നെ സംഭവം ശ്രോതാക്കളുടെ ഓർമയിൽ തെളിയുമായിരുന്നു. ഇതിനൊരു മറുവാദമുണ്ട്. ഇങ്ങനെയൊരു കഥ ബൈബിൾ ഒട്ടും പരാമർശിച്ചിട്ടില്ലെന്നിരിക്കെ വേദക്കാരിലും അറബികളിലും സുപരിചിതമായിരുന്നുവെന്ന് കരുതാൻ ന്യായമുണ്ടോ? മറുപടി ഇതാണ്: ഈ രണ്ടു പ്രവാചകന്മാരുടെയും പൂർണമായ ചരിത്രം ബൈബിൾ പറയുന്നില്ല. അതിൽ വിട്ടുപോയ പല സംഭവങ്ങളും വേറെ ഗ്രന്ഥങ്ങളിലായും വാമൊഴിയായും ജനങ്ങളിൽ പ്രചരിച്ചിരുന്നു. അതിനുദാഹരണമാണ് പൂർവകാല ഖുർആൻ വ്യാഖ്യാതാക്കൾ ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഉദ്ധരിച്ചിട്ടുള്ള ഈ കഥ:

ഒരു കർഷകന്റെ വയലിൽ മറ്റുചിലരുടെ ആടുകൾ രാത്രികാലത്ത് നുഴഞ്ഞുകടന്നു മേഞ്ഞു. വിള ഗണ്യമായ അളവിൽ നശിച്ചു. അയാൾ പരാതിയുമായി ദാവൂദ് നബിയുടെ മുമ്പിലെത്തി. അദ്ദേഹം ആട്ടുടമയെ വരുത്തി അയാളുടെ ആടുകളെ മുഴുവൻ കർഷകന് നഷ്ടപരിഹാരമായി കൊടുക്കാൻ കൽപിച്ചു. ഈ വിധികേട്ട് വിഷണ്ണനായ ആട്ടുടമ സുലൈമാൻ നബിയെ സമീപിച്ച് സങ്കടം പറഞ്ഞു. പ്രസ്താവിക്കപ്പെട്ട വിധി നീതിയുക്തമല്ലെന്ന് തോന്നിയ സുലൈമാൻ(അ) പിതാവിനെ സമീപിച്ച് അറിയിച്ചു: ഈ കേസിൽ അങ്ങ് നൽകിയ വിധി ഉചിതമായി തോന്നുന്നില്ല. വിളനാശം നേരിട്ട കർഷകൻ തീർച്ചയായും നഷ്ടപരിഹാരം ലഭിക്കാൻ അർഹൻ തന്നെ. പക്ഷേ അയാൾക്ക് തന്റെ മൂലധനമായ ഭൂമി നഷ്ടമായിട്ടില്ല. അതിൽനിന്നുള്ള ആദായമേ നഷ്ടമായിട്ടുള്ളൂ. കൃഷി പുനരുദ്ധരിച്ച് പൂർവസ്ഥിതിയിലാക്കിയാൽ ആദായം ഇനിയും ലഭിച്ചുതുടങ്ങും. എന്നാൽ അങ്ങയുടെ വിധിമൂലം ആട്ടിടയന് നഷ്ടപ്പെടുന്നത് അയാളുടെ മൂലധനം മുഴുവനുമാണ്. ഇത് ന്യായമല്ല. ആട്ടുടമ ആടുകളെ കർഷകന് ഏൽപിക്കുമ്പോൾ ഇടയൻ അയാളുടെ കൃഷിയിടം പൂർവസ്ഥിതിയിലാക്കണം. അതുവരെ ആടിന്റെ പാലും രോമവും അത് പ്രസവിക്കുന്ന കുഞ്ഞുങ്ങളും കർഷകന് അനുഭവിക്കാം. കൃഷി, അതിൽ ആടു കടക്കുന്നതിനു മുമ്പത്തെ അവസ്ഥയിലായാൽ കർഷകൻ അത് ഏറ്റെടുത്ത് ആടുകളെ അതിന്റെ ഉടമക്ക് തിരിച്ചുനൽകണം. ഇതാണ് കൂടുതൽ ഉചിതമായ വിധിയെന്നുകണ്ട ദാവൂദ്(അ) അത് അംഗീകരിച്ചു. ഈ കഥക്ക് വിശദാംശങ്ങളിൽ വ്യത്യാസമുള്ള പല പാഠഭേദങ്ങളുണ്ട്.

പ്രകൃതസൂക്തം സൂചിപ്പിക്കുന്നത് ഈ സംഭവം തന്നെ എന്നു സ്ഥിരപ്പെടുത്തുന്ന പണ്ഡിതന്മാർ, കഥയിൽ പറഞ്ഞ സുലൈമാൻ നബിയുടെ വിധി തന്നെയാണോ മുഹമ്മദീയ ശരീഅത്തും ഇത്തരം കേസുകളിൽ നൽകുന്നത് എന്ന ചോദ്യമുയർത്തിയിട്ടുണ്ട്. അല്ല എന്നാണ് പൊതുവായ മറുപടി. കഥ സത്യമാണെങ്കിൽ തന്നെ, മുഹമ്മദീയ ശരീഅത്ത് ആഗതമായതോടെ അതിനു മുമ്പുള്ള ശരീഅത്ത് വിധികൾ ദുർബലപ്പെട്ടിരിക്കുന്നു. കൂടാതെ ഖുർആനോ ഹദീസോ സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത ഒരു കഥയെ ഏതെങ്കിലും ശരീ



അത്തു നിയമത്തിന് ആധാരമാക്കാൻ പറ്റുകയുമില്ല. ഒരാളുടെ വിള അന്യരുടെ കാലികൾ കയറി നശിപ്പിച്ചാൽ കർഷകന് നഷ്ടമുണ്ടാകുന്നുണ്ട്. അതിന് പരിഹാരം കാലികളെ കർഷകന്ന് നൽകലല്ല എന്നാണ് പണ്ഡിതന്മാരുടെ നിലപാട്. ചിലപ്പോൾ കാലികളുടെ വിലയെക്കാൾ, അല്ലെങ്കിൽ അതിൽനിന്ന് ലഭിക്കുന്ന ആദായത്തെക്കാൾ കൂടുതലാകാം കൃഷി നഷ്ടം. അതുകൊണ്ട് നഷ്ടത്തിന് മൂല്യം കണക്കാക്കുകയും ആ മൂല്യം കാലിയുടമയിൽനിന്ന് കൃഷിക്കാരന്നു വാങ്ങിക്കൊടുക്കുകയുമാണ് വേണ്ടത്. എന്നാൽ ഈ നിയമത്തിന് ചില നിബന്ധനകളും ഉപാധികളുമുണ്ട്. കാലികൾ രാത്രികാലത്ത് കടന്നുമേഞ്ഞാലേ കാലിയുടമ നഷ്ടപരിഹാരം നൽകേണ്ടതുള്ളൂ എന്നതാണ് ഒന്ന്. പകൽ പൊതുവിൽ കാലികളെ മേയാൻ വിടുന്ന സമയമാണ്. അപ്പോൾ കാലികൾ വിളയിൽ കയറാതെ നോക്കേണ്ടതും ആവശ്യമായ രക്ഷാനടപടി സ്വീകരിക്കേണ്ടതും കർഷകന്റെ ചുമതലയാണ്. അതുകൊണ്ട് പകൽ സമയത്ത് കാലികൾ കയറി ഉണ്ടാക്കുന്ന നഷ്ടത്തിന് പരിഹാരം നൽകാൻ കാലിയുടമ ബാധ്യസ്ഥനല്ല. രാത്രികാലത്ത് കാലികളെ ആലയിൽ സൂക്ഷിക്കേണ്ട സമയമാണ്. അതിൽ വീഴ്ച വരുത്തുമ്പോഴാണ് അവ കൃഷിയിടങ്ങളിലിറങ്ങുന്നത്. അതിനവർ നഷ്ടപരിഹാരം നൽകണം. ഇതാണ് ഇമാം മാലിക്കിന്റെയും അബൂഹനീഫയുടെയും ശാഫിഇയുടെയും വീക്ഷണം. ഈ ഇമാമുകളുടെ കാലത്തെ കാർഷിക-കാലിവളർത്തൽ സാഹചര്യത്തിൽ ഈ നിലപാട് തികച്ചും നീതിയുക്തമായിരിക്കാം. പക്ഷേ ഇന്നും അങ്ങനെയാണെന്നു പറയാൻ പറ്റില്ല. പകൽ സമയത്ത് വേലിപൊളിച്ചും കാലികൾ കൃഷി നശിപ്പിച്ചേക്കാം. കൂട്ടത്തോടെ വരുന്ന കാലികളെ നിയന്ത്രിക്കാൻ ചിലപ്പോൾ കാവൽക്കാരനു സാധിക്കാതെവരാം. ഇത്തരം സന്ദർഭങ്ങളിൽ നഷ്ടമുണ്ടായത് പകലാണ് എന്ന കാരണത്താൽ കൃഷിക്കാരന് നഷ്ടപരിഹാരം നിഷേധിക്കുന്നത് നീതിയാകുമോ? ഇക്കാര്യത്തിൽ ഇബ്നുൽ അറബി മുന്നോട്ടുവെച്ച തത്ത്വമാണ് കൂടുതൽ കരണീയം. ഒരാൾ വളർത്തുന്ന ജന്തുക്കൾ മുഖേന മറ്റുള്ളവർക്ക് ദ്രോഹമുണ്ടാവാൻ പാടില്ല. ഉണ്ടായാൽ ന്യായമായ നഷ്ടപരിഹാരം നൽകണം. നബി(സ) പ്രസ്താവിച്ചതായി ഇബ്നുമാജ ഉദ്ധരിച്ച-لاضر ولاضرار-ദ്രോഹിക്കാനോ ദ്രോഹിക്കപ്പെടാനോ പാടില്ല-എന്ന വചനമാണ് പ്രമാണം. പകലായാലും രാത്രിയായാലും കൃഷിക്കാരന്ന് കൃഷി സംരക്ഷിക്കാനുള്ള അത്രതന്നെ ഉത്തരവാദിത്തം കാലിവളർത്തുന്നവന്ന് തന്റെ കാലികളെ അന്യർക്ക് ദ്രോഹമാകാതെ പോറ്റാനും ഉത്തരവാദിത്തമുണ്ട്.

ന്യായവിധി സംബന്ധിച്ച സുപ്രധാനമായ ഒരാശയം ഈ സൂക്തം ഉൾക്കൊള്ളുന്നുണ്ട്: ഒരു വിഷയത്തിൽ പല ജഡ്ജിമാരുടെ വിധികൾ വ്യത്യസ്തമായി വരാം. അതിൽ ഒന്നേ ശരിയായിരിക്കൂ. ഒരു വിധി നൈതിക താൽപര്യം പൂർണമായി ഉൾക്കൊണ്ടില്ല എന്നതുകൊണ്ടുമാത്രം വിധികർത്താവ് കുറ്റക്കാരനാകുന്നില്ല. അയാൾ തന്റെ ഇജ്തിഹാദിലൂടെ-കേസ് പഠിക്കുകയും നൈതിക തത്ത്വങ്ങൾ മനനം ചെയ്യുകയും ചെയ്തതിലൂടെ-കണ്ടെത്തിയതാണ് ആ വിധിയെങ്കിൽ. ന്യായാധിപൻ ഇജ്തിഹാദ് ചെയ്ത് ശരിയായാൽ രണ്ടു പുണ്യവും, പിഴച്ചാൽ ഒരു പുണ്യവുമുണ്ട് എന്ന് ഒരു നബിവചനമുണ്ട്: ശരിയായാൽ ശരിയായതിന്റെ പേരിലുള്ള പുണ്യവും ഇജ്ദിഹാദിന്റെ പുണ്യവും. പിഴച്ചാൽ ഇജ്തിഹാദിന്റെ പുണ്യം മാത്രം. ആ പുണ്യത്താൽ പിഴവ് പൊറുക്കപ്പെടും. എന്നാൽ ഇജ്തിഹാദിന് യോഗ്യതയില്ലാത്തവർ ഇജ്ദിഹാദ് ചെയ്ത് തെറ്റായ വിധി പറയുന്നതും, ഏതെങ്കിലു കക്ഷിയോടുള്ള മമതയാലോ നീരസത്താലോ, പ്രേരിതനായി വിധിപറയുന്നതും ശിക്ഷാർഹമായ കുറ്റമാകുന്നു.

ദാവൂദിനും സുലൈമാനും(അ) പ്രവാചകത്വവും രാജത്വവും നൽകിയിട്ട് ഇനി അവരായി, അവരുടെ പാടായി എന്നുവെച്ച് മാറിനിൽക്കുകയായിരുന്നില്ല അല്ലാഹു. അവരുടെ നടപടികളെല്ലാം അവൻ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരുന്നു. തിരുത്തേണ്ട സന്ദർഭങ്ങളിൽ തിരുത്തുകയും സഹായിക്കേണ്ടിടത്ത് സഹായിക്കുകയും ചെയ്തിരുന്നു. ഈ പിതാവും പുത്രനും അവർക്കു നൽകിയ പദവികൾ താൻ തൃപ്തിപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നുണ്ടോ? രാജത്വം ജനങ്ങൾക്ക് ക്ഷേമവും സമാധാനവും നൽകാൻ പ്രയോജനപ്പെടുത്തുന്നുണ്ടോ? തർക്കങ്ങളിൽ തികച്ചും നീതിപൂർവകമായ തീരുമാനങ്ങളെടുക്കുന്നുണ്ടോ? ഇതൊക്കെ അവൻ കണിശമായി നോക്കുന്നുണ്ടായിരുന്നു. ഉപരിസൂചിത കൃഷിനാശക്കേസിൽ വിധിപറയുമ്പോഴും അവൻ അവരോടൊപ്പമുണ്ടായിരുന്നു. ഇതാണ് وَكُنَّا لِحُكْمِهِمْ شَاهِدِينَ എന്ന വാക്യത്തിന്റെ താൽപര്യം. ■


## Matrimonial

ജി.ഐ.ഒ പ്രവർത്തക (19/152 cm). +2. ഇരുനിറം. സാമാന്യ സൗന്ദര്യം. പ്രസ്ഥാന കുടുംബം. മലപ്പുറം ജില്ല. അനുയോജ്യരുടെ രക്ഷിതാക്കൾ ബന്ധപ്പെടുക.

**8593819510**

ദീനീനിഷ്ഠയുള്ള സഹോദരിമാർ **1.** (30/155 cm). S.S.L.C. **2.** (27/150 cm). +2. കോഴിക്കോട് ജില്ല. പാവപ്പെട്ട കുടുംബം. താൽപര്യമുള്ളവർ ബന്ധപ്പെടുക.

**9895290582, 9400797146**

ജി.ഐ.ഒ പ്രവർത്തക (21/5'2"). B.Sc, MLT. കൊണ്ടോട്ടി സ്വദേശിനി. കൃശഗാത്രി. ഇരുനിറം. താൽക്കാലിക ജോലി. അനുയോജ്യരിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**8281421955**